കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വട്ടംകുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: ddlfampm@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം17/202017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.6-2-17

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് . സെക്രട്ടറി മുഖേന

വട്ടംകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വട്ടംകുളം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ.തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളുവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം 17/20/2017

തിയ്യതി.6-2-17

<u>മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ</u>

ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2015മുതൽ 15-12-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2015മുതൽ 31-3-2016 തിയ്യതി വരെയുള്ള വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. . സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ഷാജഹാൻ .എ.എസ്

ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 20-12-2016 മുതൽ 31-12-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുൾ ഗഫൂർ.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഇ.മൂസ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷജീർ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| പേര്/തസ്തിക | കാലയളവ് | നിലവിലെ ഔഗ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം (പിൻ കോഡ് സഹിതം) |
|---|---|---|---|
| എം മുസ്തഫ | 01/04/2015 – 31/10/2015 | | മേലേതിൽ, വട്ടംകുളം പി.ഒ, മലപ്പുറം ജില്ല 679587 |
| ഉദ്യോഗസ്ഥ ഭരണസമിതി<br>1. പി.എം ജോഷി | 01-11-2015 മുതല് 18-11-2015 | - | |

| | | | |
|---|---|---|---|
| കൃഷി ഓഫീസർ<br>2.കൃഷ്ണജ ഐ.സി.ഡി.എസ് സൂപ്രവൈസർ<br>3. കെ.മുകുന്ദൻ സെക്രട്ടറി വട്ടംകുളം ഗ്രാമപഞ്ചായത്ത്. | | | |
| ശ്രീജ | 19/11/2016-31/03/2016 | പ്രസിഡണ്ട് വട്ടംകുളം ഗ്രാമപഞ്ചായത്ത് | പാറക്കൽ, മൂതൂര് പി.ഒ, മലപ്പുറം ജില്ല, 679587 |

നിർവഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| ഹരിദാസ് പി കെ<br>സെക്രട്ടറി | 01/04/2015-31/10/2015, | സെക്രട്ടറി<br>വട്ടംകുളം ഗ്രാമപഞ്ചായത്ത്<br>(റിട്ടയേഡ്) | പീടികകല്ലാട്ട് , മുന്നാംഗേറ്റ്, ആഴിയൂർ പി.ഒ, കോഴിക്കോട് |
| പരമേശ്വരൻ<br>.സെക്രട്ടറി (ചാർജ്) | 01-11-2015<br>- 31-12-2015 | അസി.സെക്രട്ടറി , വട്ടംകുളം ഗ്രാമപഞ്ചായത്ത്, വട്ടംകുളം | പുളിന്തറ ഇല്ലം - സരോവരം, പോസ്റ്റ് അന്തിക്കാട്, തൃശ്ശൂർ |
| കെ മുകുന്ദൻ<br>സെക്രട്ടറി | 01/1/2016-31/03/2016 | സെക്രട്ടറി<br>വട്ടംകുളം ഗ്രാമപഞ്ചായത്ത് (റിട്ടയേഡ്) | കൊടിയാട്ട് ഹൌസ്, കാലടി പോസ്റ്റ്, അണ്ണക്കംപാട്, മലപ്പുറം |
| കെ.രാമചന്ദ്രൻ (അസി.എഞ്ചി) | 01-04-2015<br>–<br>31-03-2016 | അസി.എഞ്ചി.<br>പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | കരിപാലിൽ, എടപ്പാൾ. പ.ഒ, മലപ്പുറം |
| സി.പി അജേഷ് (വി.ഇ.ഒ) | 01-04-2015<br>- 31-03-2016 | വി..ഇ.ഒ , വട്ടംകുളം ഗ്രാമപഞ്ചായത്ത് | ചിത്രക്കുട പറമ്പില്, പോസ്റ്റ് പെരുമ്പറമ്പ്, 679576, മലപ്പുറം |
| ഡോ. മുഹമ്മദ് ഫസൽ. എം. എച്ച്<br>മെഡിക്കൽ | 01-04-2015<br>- 31-03-2016 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി വട്ടംകുളം, വട്ടംകുളം പി.ഓ | നൂർ മഹൽ, മുതൂർ. പി.ഒ, ചേകന്നൂർ, മലപ്പുറം |

| | | | |
|---|---|---|---|
| ഓഫീസർ | | | |
| ഡോ. വി.കെ.പി മോഹൻ കുമാർ, വെറ്ററിനറി സർജൻ | 01-04-2015 - 31-03-2016 | വെറ്ററിനറി സറജൻ, വെറ്ററിനറി ഹോസ്പിറ്റൽ വട്ടംകുളം ഗ്രാമപഞ്ചായത്ത് | ജോതിസ്, പുഴ നമ്പ്രം റോഡ്, കുറ്റിപ്പുറം പി.ഒ, മലപ്പുറം |
| പി.എം. ജോഷി കൃഷി ഓഫീസർ | 01-04-2015 - 31-03-2016 | കൃഷി ഓഫീസർ വട്ടംകുളം കൃഷിഭവന്, വട്ടംകുളം | പാറത്തോട്ടത്തില് ഫാർമസി എസ്റ്റേറ്റ്, പട്ടാമ്പി പി.ഓ, പാലക്കാട് |
| ടി. കൃഷ്ണജ ഐ.സി.ഡി.എസ് , സൂപ്രവൈസർ | 01-04-2015 - 31-03-2016 | ഐ.സി.ഡി.എസ് സൂപ്രവൈസർ, കാലടി ഗ്രാമപഞ്ചായത്ത്, കാടഞ്ചേരി പി.ഓ, മലപ്പുറം ജില്ല | തൊഴക്കാട്ട്, തൃക്കണാപുരംപിഒ. മലപ്പുറം |
| പി.വി ബാബുരാജൻ, അസി.സെക്രട്ടറി | 01-04-2015 - 18-08-2015 | ജൂനി. സൂപ്രണ്ട് മാറഞ്ചേരി ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല | പുതിയവീട്ടിൽ വടക്കേതിൽ , കാലടി പോസ്റ്റ് , മലപ്പുറം ജില്ല |
| ഒഴിവ് | 19.8.2015- 25.8.2015 | | |
| പുഷ്പലത പി.ബി | 26-08-2015 - 31-10-2015 | അസി.സെക്രട്ടറി , കൊടകര ഗ്രാമപഞ്ചായത്ത് , തൃശ്ശൂർ | പുരന്തറക്കാട്ടിൽ, കണ്ണംകുളങ്ങര, കുറുക്കച്ചി. തൃശ്ശൂർ |
| പരമേശ്വരൻ അസി.സെക്രട്ടറി | 01-11-2015 - 31-03-2016 | അസി.സെക്രട്ടറി , വട്ടംകുളം ഗ്രാമപഞ്ചായത്ത്, | പുളിന്തറ ഇല്ലം - സരോവരം, പോസ്റ്റ് അന്തിക്കാട്, തൃശ്ശൂർ |
| ഡോ. പി. ജോയ്,മെഡിക്കൽ ഓഫീസർ- ഹോമിയോ | 01-04-2015 - 31-03-2016 | മെഡിക്കൽ ഓഫീസർ , ഹോമിയോ, വട്ടംകുളം | സലീം നിവാസ്, കോൺവെന്റ് റോഡ്, പൊന്നാനി |
| പ്രേമലത . ഹെഡ്മിസ്ട്രസ് | 01-04-2015 - 31-03-2016 | എച്ച്.എം, ജി.എൽ.പി.എസ് ശുകപുരം | കുപ്പത്ത വീട്, തുയ്യം, എടപ്പാൾ .പി.ഒ., മലപ്പുറം |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് | 2-1 | |
| 13 | തൊഴിൽ നികുതി പിരിവ് അപാകതകൾ | 2-2 | |
| 14 | വിനോദ നികുതി - അപാകതകൾ | 2-3 | |
| 15 | ലൈസൻസ് ഫീ- അപാകതകൾ | 2-4 | |
| 16 | സാംഖ്യാ രസീതികളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. | 2-5 | |
| 17 | ക്യാൻസൽഡ് രസീതികൾ പരിശോധനക്ക് ഹാജരാക്കിയില്ല | 2-6 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 18 | SC വിദ്യാർത്ഥികൾക്ക് സൗരോർജ്ജ റാന്തൽ പദ്ധതി അപാകതൾ | 3-1 | |
| 19 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് (SC)സൈക്കിൾ നൽകൽ പദ്ധതി അപാകതൾ | 3-2 | |
| 20 | സർക്കാർ ഉത്തരവിന് വിരുദ്ധമായി | 3-3 | |

| | | | |
|---|---|---|---|
| | വീഡ് കട്ടറിന് സബ്സിഡി നൽകി. | | |
| 21 | ഷോപ്പിങ് കോംപ്ലക്സ് നിർമ്മാണം. 30 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്ത് 10 മാസം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചില്ല | 3-4 | |
| 22 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം. ഒരു വിശകലനം | 3-5 | |
| 23 | ഗുണഭോക്തൃ ലിസ്റ്റ് ഭരണ സമിതി അംഗീകരിച്ചില്ല | 3-6 | |
| 24 | വരുമാനം കൂടുതലുള്ള ഗുണഭോക്താവിനു വിവാഹധനസഹായം അനുവദിച്ചു | 3-7 | |
| 25 | പരിരക്ഷ പദ്ധതി- തുക അധികം നൽകിയത് | 3-8 | |
| 26 | കംപ്യൂട്ടർ വാങ്ങൽ ക്വട്ടേഷൻ ഹാജരാക്കിയില്ല | 3-9 | |
| 27 | അംഗനവാടികൾക്ക് ഭക്ഷ്യ വസ്തുക്കൾ നീതി/ സഹകരണ സ്റ്റോറിൽ നിന്ന് വാങ്ങിയ തുക അധികം നൽകി | 3-10 | |
| 28 | വൗച്ചറുകൾ ഹാജരാക്കിയില്ല | 3-11 | |
| 29 | ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല -ചെലവു തുക തടസ്സം ചെയ്യുന്നു | 3-12 | |
| 30 | ജീവനക്കാരുടെ ശമ്പള റിക്കവറികൾ,പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ യഥാസമയം അടവാക്കുന്നില്ല | 3-13 | |
| 31 | പഞ്ചായത്ത് വാഹനം -ലോഗ് ബുക് പരിശോധന അപാകതകൾ | 3-14 | |
| 32 | തെരുവ് നായ്ക്കളെ പിടിച്ചതിന് പ്രതിഫലം നൽകിയത്- അപാകതകൾ | 3-15 | |
| 33 | ശ്രീമതി കെ.വി ശാന്തകുമാരിയുടെ ശമ്പളത്തിൽ നിന്ന് പിടിച്ച തുക അടവാക്കിയത് സംബന്ധിച്ച് | 3-16 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 24.3.2015 തിയതിയിലെ 1 ാംതീരുമാനപ്രകാരം അംഗീകരിച്ചു.

ii) ബജറ്റ്പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)/(-) |
| മുന്നിരിപ്പ് | 38506317 | 38479603 | | 26714 | 0.07 |
| വരവ് | 74341370 | 52803339 | | 21538031 | 28.97 |
| ആകെ | 112847687 | 91282942 | | 21564745 | 19.11 |
| ചെലവ് | 84200000 | 66963323 | | 17236677 | 20.47 |
| നീക്കിയിരിപ്പ് | 28647687 | 24319619 | | 4328068 | 15.11 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 8.8.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 29.12.2106 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി |

| | | |
|---|---|---|
| | | ചേർത്തിട്ടുണ്ട് |

ബാലൻസ്ഷീറ്റ്,ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക,റസീറ്റ് ആന്റ്പേമന്റ് പത്രിക എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്

വട്ടംകുളം ഗ്രാമ പഞ്ചായത്ത് 2015-16 വാർഷിക ധനകാര്യ പത്രിക അപാകതകളുടെ സംഗ്രഹം

ഭരണ സമിതിയുടെ 29.7.2016 തീയ്യതിയിലെ 2-ാം നമ്പർ തീരുമാന പ്രകാരമാണ് ഗ്രാമ പഞ്ചായത്ത് വാർഷിക കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. പ്രസ്തുത തീരുമാനത്തിൽ രേഖപ്പെടുത്തിയ വരവ് ചെലവ് കണക്കുകളും ലഭ്യമാക്കിയ വാർഷിക കണക്കിലെ തുകകളും ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| മിനുട്സ് പ്രകാരം | | വാർഷിക ധനകാര്യ പത്രിക പ്രകാരം | |
|---|---|---|---|
| മുന്നിരിപ്പ് | 17740972 | മുന്നിരിപ്പ് | 38479603 |
| വരവ് | 61955733 | വരവ് | 52803339 |
| ചെലവ് | 56846348 | ചെലവ് | 66963323 |
| നീക്കി ബാക്കി | 22850357 | നീക്കി ബാക്കി | 24319619 |

*1. വസ്തുനികുതി, തൊഴിൽ നികുതി, എന്നിവയുടെ തൻവർഷ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ വാർഷിക പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.*

*2. വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി, D&O ലൈസൻസ് ഫീ, വാടക എന്നീ ഇനങ്ങളിൽ കുടിശ്ശിക വരവുണ്ട്. എന്നാൽ മുൻവർഷ AFS പ്രകാരം ഈ ഇനങ്ങളിൽ കുടിശ്ശിക ഇല്ല.*

*3. D&Oലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്റർ പ്രകാരം വരവ് 135950 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം വരവ് 145030 രൂപയാണ്.*

*4. വിനോദ നികുതി, ബിൽഡിങ്ങ് പെർമിറ്റ് എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.*

*5.വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം വരവ് 19548 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തുക 11403 രൂപയാണ്. ഡിമാന്റ് രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക കുടിശ്ശിക ഇനത്തിൽ 1629 രൂപ വരവുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.*

*6.സ്റ്റോക്ക് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ B-5, B-14 ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.*

*7. ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ B-7, B-18 ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.*

8. പ്ലാൻ ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലുള്ള വരവ് തുകകൾ ACR മായി പൊരുത്തപ്പെടുന്നില്ല. (കൺസോളിഡേറ്റഡ് ഫണ്ട്)

| ഇനം | ACRപ്രകാരം | AFSപ്രകാരം |
|---|---|---|
| VPFA-IIA | 4234815 | 44252315 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3664712 | 5635976 |

9. RP-21ഷെഡ്യൂളിലെ ചുവടെ കാണിച്ച് വരവിനങ്ങളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കയിട്ടില്ല.

| കോഡ് | തുക |
|---|---|
| 320700204 | 292500 |

| | |
|---|---|
| 320700205 | 121500 |

10. RP-4 ഷെഡ്യൂളിലെ വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

11. സാമൂഹ്യ ക്ഷേമ പെൻഷൻ ഇനത്തിൽ നൽകിയ തുകകൾ വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല.

12. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് 2279820 രൂപയാണ്. ജീവനക്കാരുടെ തൊഴിൽ നികുതിയും ഏകദേശം തുല്യമാണ്. ( 2267855). ഇത് സംശയാസ്പദമാണ്. (2014-15 ൽ സ്ഥാപന തൊഴിൽ നികുതി 504980 രൂപയാണ്)

13. കൃഷി ഉൽപാദന ബോണസ് ഇനത്തിൽ ലഭിച്ച 120000 രൂപ വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല.

14. MGNREGS അക്കൗണ്ടിൽ തൊഴിലാളികളുടെ കൂലി ഇനത്തിൽ EFMS മുഖേന ലഭിച്ച തുക യഥാർത്ഥത്തിൽ 10562469രൂപയാണ്. എന്നാൽ AFSപ്രകാരം തുക 110000007 രൂപയാണ്.

15. നീക്കി ബാക്കി തുക ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

| ഇനം | അക്കൗണ്ട് | AFS പ്രകാരം | പാസ് ബുക്ക് പ്രകാരം |
|---|---|---|---|
| പ്ലാൻ | PNB | 8446 | 9512 |
| തനത് ഫണ്ട് | ,, | 1529426 | 1047274 |
| പെൻഷൻ | SMGB | 85347 | 8500 |
| ടോട്ടൽ സാനിറ്റേഷൻ | ,, | 315605 | 450597 |
| തനത് ഫണ്ട് | ,, | 6673015 | 2648673 |
| സാക്ഷരത | ,, | 8942 | ഹാജരാക്കിയിട്ടില്ല |
| ട്രഷറി TSB അക്കൗണ്ട് | - | 15391053 | ,, |

16. ബാങ്ക് ബുക്ക്, കാഷ് ബുക്ക് എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

17. മുന്നിരിപ്പ് തുകകൾ 2014-15 വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. 2014-15 ലെ നീക്കിയിരിപ്പ് തുകകൾ ബന്ധപ്പെട്ട രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല എന്ന അപാകത (AFS പരിശോധന കുറിപ്പ് ക്രമ നമ്പർ 13) പരിഹരിച്ചിട്ടില്ല.

18. 2014-15വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

## 1-4 ധനകാര്യവിശകലനം.

| ഇനം | വർഷം 2015-16 |
|---|---|
| മുന്നിരിപ്പ് | 38479603 |
| വരവ് | 52803339 |
| ആകെ | 91282942 |
| ചെലവ് | 66963323 |
| നീക്കിയിരിപ്പ് | 24319619 |

## 1-5 ഫണ്ട് വിനിയോഗം എ.സി. ആർ പ്രകാരം

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | (Lapsed) | | R&P 40b പ്രകാരം |
| വികസനഫണ്ട് പൊതുവിഭാഗം | 3259459 | 3351454 | 10172957 | 16783870 | 10982157 | 5937542 | 65.43 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1184959 | (-)944258 | 9480751 | 9721452 | 6744122 | 2977330 | 69.37 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 12300 | (-)12300 | 7000 | 7000 | 0 | 7000 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 3858865 | 0 | 13553000 | 17411865 | 16906548 | 505317 | 97.09 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1567681 | 0 | 2870000 | 4437681 | 2654667 | 1783014 | 59.82 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2599090 | (-) 2376523 | 7379870 | 7602437 | 6058543 | 1543894 | 79.69 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2958907 | (-) 20073 | 20073 | 2958907 | 2958907 | 0 | 100 | 0 |

മുന്നിരിപ്പ് തുകകൾ മുൻ വർഷ ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം 2015-16

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 244 | 93744684 | 203 | 56220569 | 20 | 13 | 83 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും

പ്രകാരം21ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5752973 | 4082288 | -1670685 | -29 |
| നികുതിയേതര വരവുകൾ | 715971 | 1604010 | 888039 | 124 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 420160 | - | | |
| ആകെ | 6889104 | 5686298 | 1202806 | -17 |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 183960 | 87 |
| കർഷകതൊഴിലാളി വേതനം | 2792250 | 314 |
| വിധവാപെൻഷൻ | 10850840 | 1149 |
| വാർദ്ധക്യകാലപെൻഷൻ | 14683710 | 2198 |
| വികലാംഗപെൻഷൻ | 3420980 | 338 |
| വിവാഹ ധനസഹായം | 150000 | 10 |
| 50 വയസ്സിന മുകളിൽ.....സഹായം | 1024240 | 98 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന20.12.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27554.രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 അഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനം

16 സ്ഥിരം ജീവനക്കാർ ഉൾപ്പെടെ 22 ജീവനക്കാർ ഉണ്ടായിട്ടും ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ തൃപ്തികരമല്ല. രജിസ്റ്ററുകൾ പരിപാലിക്കുന്നതിലും വൗച്ചറുകൾ സൂക്ഷിക്കുന്നതിലും യാതൊരു ശ്രദ്ധയും ജീവനക്കാർ പുലർത്തുന്നില്ല. മേലുദ്യോഗസ്ഥനായ സെക്രട്ടറി ആയതിന്റെ മേൽ നോട്ടം വഹിക്കുന്നുമില്ല. സെക്രട്ടറി ചെലവഴിച്ച 76,62,001 രൂപയുടെ വൗച്ചറുകൾ ലഭ്യമാക്കിയില്ല എന്ന 2013-14, 14-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പരാമർശവും 2015-16 വർഷത്തെ 1162699 രൂപയുടെ വൗച്ചറുകൾ ലഭ്യമാക്കാത്തതും ആയതിന്റെ തെളിവാണ്. ദൈനംദിന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഭരണ സമിതിയുടെയും ബന്ധപ്പെട്ട മേലാപ്പീസുകളുടേയും അടിയന്തിര ഇടപെടലുകൾ ഇവിടെ അനിവാര്യമാണ്.

പണമിടപാടുകളിൽ സെക്രട്ടറി മേൽനോട്ടം വഹിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ ക്യാഷ് ബുക്ക് , ഡേ ബുക്ക്,ബാങ്ക് ബുക്ക് എന്നിവ അതാത് ദിവസം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നില്ല. ഓഡിറ്റ് വേളയിൽ പരിശോധിച്ച കാലയളവിൽ (1.4.2015 മുതൽ 15.12.2016 വരെ) ഒരു ദിവസം പോലും ക്യാഷ് ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത കാലയളവിൽ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിച്ചവരുടെ വിവരം താഴെ ചേർക്കുന്നു.

| പേര്/തസ്തിക | കാലയളവ് |
|---|---|
| ഹരിദാസ് പി കെ<br>സെക്രട്ടറി | 01/04/2015- 30/10/2015, |
| പരമേശ്വരന്<br>സെക്രട്ടറി (ചാർജ്) | 01-11-2015 -31-12-2015,<br>01-4-2016 -15-12-2016 |
| കെ മുകുന്ദന്<br>സെക്രട്ടറി | 01/1/2015– 31/03/2016 |

2015-16 AFS പൊരുത്തപ്പെടുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ AFS മുൻ വർഷത്തെ AFS മായോ സ്ഥാപനത്തിലെ രജിസ്റ്ററുകളുമായോ യാതൊരു വിധത്തിലും പൊരുത്തപ്പെടുന്നില്ല. 8.8.2016 ന് ഓഡിറ്റിന് സമർപ്പിച്ച 2015-16 AFS പല തവണ റിവൈസ് ചെയ്തിട്ടും ആയത് ഓഡിറ്റിനെ അറിയിക്കാത്തതും , സ്ഥാപനത്തിലെ രജിസ്റ്ററുകളുമായി യാതൊരു വിധത്തിലും പൊരുത്തപ്പെടാത്ത AFS ഓഡിറ്റിന് സമർപ്പിച്ചതും അക്കൗണ്ടന്റ്, സെക്രട്ടറി എന്നീ ഉദ്യോഗസ്ഥരുടെ ഭാഗത്ത നിന്നുള്ള ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത കാലയളവിൽ ശ്രീ. സി.ജെ. സാമുവൽ ആണ് അക്കൗണ്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളത്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഡി.സി.ബി ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കുകയോ ആയത് AFS മായി പൊരുത്തപ്പെടുകയോ ചെയ്യുന്നില്ല. അക്ക്വിറ്റൻസ് രജിസ്റ്റർ സെക്രട്ടറി പരിശോധിച്ച ഒപ്പ് വെച്ചിട്ടില്ല. അസി.എഞ്ചിനീയർ, വി.ഇ.ഒ,ICDS എന്നിവർ TR 7A ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. സെക്രട്ടറിയുടെ ശമ്പളബിൽ പെർഫോമൻസ് ഓഡിറ്റിലെ സീനിയർ സൂപ്രണ്ട് മേലൊപ്പ് വെക്കേണ്ടതാണെന്നിരിക്കെ 10/15,1/16,2/16,3/16 മാസങ്ങളിലെ ശമ്പളബിൽ മേലൊപ്പ് വെച്ചതായി കാണുന്നില്ല.

ഇൻകം ടാക്സ് ഈടാക്കുന്നത് സംബന്ധിച്ച്

ഓരോ സാമ്പത്തിക വർഷവും ജീവനക്കാരുടെ പ്രതീക്ഷിത വരുമാനം കണക്കാക്കി തുല്യ ഗഡുക്കളായി ശമ്പളത്തിൽ നിന്ന് ഇൻകം ടാക്സ് ഈടാക്കേണ്ടതാണെന്നിരിക്കെ ,അത്തരത്തിൽ ഈടാക്കാതെ വർഷാവസാനം ജിവനക്കാർ സ്വന്തമായി അടവാക്കുകയാണ് ചെയതിട്ടുള്ളത്.(ഉദാ:- അസി.സെക്രട്ടറി ശ്രീ പി.ഡി പരമേശ്വരന്റെ 4231 രൂപ ശമ്പളത്തിൽ നിന്ന് ഈടാക്കാതെ ടിയാൻ നേരിട്ട് പഞ്ചായത്തിൽ അടവാക്കുകയാണ് ചെയ്തിട്ടുള്ളത്.) ഇൻകം ടാക്സ് ശമ്പളത്തിൽ നിന്നും ഈടാക്കേണ്ടത് സ്ഥാപന തലവന്റെ ഉത്തരവാദിത്തമാണെന്നിരിക്കെ ശമ്പളത്തിൽ നിന്നും അതാത് മാസം ഈടാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്.

മിനുട്സ് ബുക് -അപാകത

പഞ്ചായത്ത് ഭരണ സമിതി മിനുട്സ് പരിശോധിച്ചതിൽ 14.7.15-ൽ അംഗങ്ങളുടെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ തീരുമാനങ്ങൾ ഒന്നും എഴുതാതെ പേജ് 91 മുതൽ 198 വരെ ഒഴിച്ചിട്ടിരിക്കുകയാണ്. ഇതേ തിയ്യതിയിലെ തീരുമാനപ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റാണ് മിക്ക നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതികൾ നടപ്പിലാക്കാൻ നൽകിയിട്ടുള്ളത് എന്നതും ശ്രദ്ധേയമാണ്. ആയതിനാൽ തന്നെ ഗുണഭോക്തൃ ലിസ്റ്റിന്റെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.കൂടാതെ 23.6.15 -ലെ മിനുട്സ് പ്രസിഡന്റ് ഒപ്പ് വച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08/12/2016 | 11/2016 | ഇല്ല |
| എ.ജി ഓഡിറ്റ് | 06/07/2010 | 2008-09 | 14/12/2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

2015-16 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവുണ്ട്. സ്ഥാപനങ്ങളുടെ ദിവസ വിറ്റു വരവിനസരിച്ച് ഈടാക്കേണ്ട ലൈസൻസ് ഫീ യിൽ നിന്നും കുറഞ്ഞ തുകയാണ് ഈടാക്കിയിട്ടുള്ളത്. ലൈസൻസ് ഫീ ഇനത്തിൽ കുറവുള്ള 2300 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി 16/ 29.12.2016 ന് മറുപടി നൽകിയിട്ടില്ല.

വിശദവിവരം ചുവടെ

| ക്രമ നം | അപേക്ഷാ നം/ രസീതി തിയ്യതി | അപേക്ഷകൻ | ദിവസ വിറ്റു വരവ് | ഈടാക്കേണ്ട ഫീ | ഈടാക്കിയ ഫീ | കുറവ് |
|---|---|---|---|---|---|---|
| 1 | 25/ 15-16/10.12.15 | സി.എ.ലോനപ്പൻ | 85000 | 2000 | 1000 | 1000 |
| 2 | 92/ 15-16/ 13.5.15 | ടി.പി. കുഞ്ഞി മരക്കാർ | 20000 | 500 | 100 | 400 |
| 3 | 499/ 15-16/27.7.15 | വികാസ്.എം.പി | 50000 | 1000 | 300 | 700 |
| 4 | 543/15-16 /15.9.15 | ലൈല നാലകത്ത് | 20000 | 500 | 300 | 200 |
| | ആകെ | | | | | 2300 |

## 2-2 തൊഴിൽ നികുതി പിരിവ് അപാകതകൾ

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. ഗ്രാമ പഞ്ചായത്ത് പരിധിയിലെ തൊഴിൽ നികുതിക്ക് വിധേയമാക്കിയ സ്ഥാനങ്ങളുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് 2279820 രൂപയാണ്. ജീവനക്കാരുടെ തൊഴിൽ നികുതിക്ക് ഏകദേശം തുല്യമാണ് ഈ തുക. ( 2267855 രൂപ). ഇത് സംശയാസ്പദമാണ്. (2014-15 ൽ സ്ഥാപന തൊഴിൽ നികുതി 504980 രൂപയാണ്). സ്ഥാന തൊഴിൽ നികുതി വരവ് 566212 രൂപയും പിരിഞ്ഞ് കിട്ടാനുള്ള തുക1701643 രൂപയുമാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

4.നെല്ലിശ്ശേരി എ.യു.പി സ്കൂളിലെ 5ജീവനക്കാരിൽ നിന്ന് ടിയാളുകൾക്ക് നിയമനാംഗീകാരം ലഭിച്ചില്ല എന്ന കാരണത്താൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ജീവനക്കാരുടെ നിയമനാംഗീകാരം ലഭ്യമാകുന്ന മുറക്ക് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | തസ്തിക | കാലയളവ് |
|---|---|---|

| | | |
|---|---|---|
| ഷബീന. ബി.സി | UPസ്കൂൾ അസിസ്റ്റന്റ് | ഒന്നും രണ്ടും അർദ്ധ വർഷം |
| നൂർജഹാൻ. പി | അറബിക് ടീച്ചർ | ,, |
| നസ്റത്ത് പി ഖാദർ | ഉറുദു ടീച്ചർ | ,, |
| മുഹമ്മദ് ഷരീഫ്. വി.കെ | കായികാധ്യാപകൻ | ,, |
| നൗഫൽ പികെ | ഹിന്ദി ടീച്ചർ | രണ്ടാം അർദ്ധ വർഷം |

5.ചുവടെ കാണിച്ച സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| വിക്ടറി ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്. എടപ്പാൾ | ഒന്നും രണ്ടും അർദ്ധ വർഷം |
| 'റെയ്ഡ്കൊ' എടപ്പാൾ | ,, |
| മലബാർ ഡെന്റൽ കോളേജ്. എടപ്പാൾ | ,, |
| മലബാർ കോളേജ് ഓഫ് കൊമേഴ്സ് &സയൻസ്. മാണൂർ | ,, |
| അപരാജിത ഡൈനാമിക് സിനർജീസ് | ,, |
| ത്രിവേണി മെഗാ മാർട്ട്. എടപ്പാൾ | ,, |
| റയ്ഹാൻ ഐ ഹോസ്പിറ്റൽ. എടപ്പാൾ | ,, |
| നാഷണൽ പ്രൈവറ്റ് ഐ.ടി.ഐ. നടുവട്ടം | ,, |
| ബജാജ് അലയൻസ്. എടപ്പാൾ | ,, |
| LIC എടപ്പാൾ | ,, |
| നിസാം പ്രൈപറ്റ് സെക്യൂരിറ്റീസ് എടപ്പാൾ | ,, |
| മുത്തൂറ്റ് ഫിനാൻസ് എടപ്പാൾ | ഒന്നാം അർദ്ധ വർഷം |
| കുമാർ പെട്രോളിയം .ശുകപുരം | ,, |
| ബജാജ് അലയൻസ് .എടപ്പാൾ | ,, |
| മാവേലി സ്റ്റോർ. വട്ടംകുളം | രണ്ടാം അർദ്ധ വർഷം |
| ഗോൾഡൻ മോട്ടോഴ്സ്. എടപ്പാൾ | ,, |
| കെ.വി.ആർ ഓട്ടോമൊബൈൽസ്. എടപ്പാൾ | ,, |
| JHL ട്രേഡിങ് . എടപ്പാൾ | ,, |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് വരുമാനത്തിനനുസരിച്ച തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 വിനോദ നികുതി - അപാകതകൾ

1. വിനോദ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗോവിന്ദ തിയ്യറ്ററിന്റെ താഴെപ്പറയുന്ന ടിക്കറ്റുകളുടെ വിനോദ നികുതി പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| തിയ്യതി | തിയ്യേറ്റർ | ടിക്കറ്റ് നിരക്ക് | വിനോദനികുതി | ടിക്കറ്റ് നമ്പർ | ഡിമാന്റ് ചെയ്യാത്ത തുക |
|---|---|---|---|---|---|
| 24.8.15 | AUDI-I | 108 | 14.09 | 1-1591 | 1591x14.09=22417 |

| | | | | | |
|---|---|---|---|---|---|
| മുതൽ 4.9.15 വരെ | | | | | |
| ,, | ,, | 88 | 11.48 | 1-2630 | 2630x11.48=30192 |
| ,, | AUDI-II | 88 | 11.48 | 1-1843 | 1843x11.48=21152 |

2. വിനോദ നികുതി രജിസ്റ്റർ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-4 ലൈസൻസ് ഫീ- അപാകതകൾ

1.2015-16 വർഷത്തെ ഭൂരിഭാഗം അപേക്ഷകളിലും ദിവസ വിറ്റുവരവ് രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ അടവാക്കിയതിലെ കൃത്യത പരിശോധിക്കാനായില്ല. ദിവസ വിറ്റുവരവോ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ പവറോ രേഖപ്പെടുത്താത്ത അപേക്ഷകളിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ ഈടാക്കിയതെന്ന് വ്യക്തമല്ല. അപേക്ഷകളിൽ ഇത്തരം അത്യാവശ്യ വിവരങ്ങളെങ്കിലും രേഖപ്പെടുത്തിയുട്ടുണ്ടെന്ന് ഉറപ്പിക്കേണ്ടതും ലൈസൻസ് ഫീ ഈടാക്കുന്നതിന്റെ കൃത്യത ഉറപ്പിക്കേണ്ടതുമാണ്.

2. ഒരു അപേക്ഷയിലും അപേക്ഷയെ കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് ഇല്ല. അപേക്ഷയെ കുറിച്ച് അന്വഷണം നടത്തേണ്ടതും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

3. അപേക്ഷകളിൽ പ്ലാസ്റ്റിക് നിരോധന- സ്ഥല നാമ സാക്ഷ്യപത്രം ഇല്ല.
4. അപേക്ഷയിൽ പതിച്ച സ്റ്റാമ്പുകൾ ഉപയോഗ ശൂന്യമാക്കിയിട്ടില്ല.
5. ഗ്രാമ പഞ്ചായത്തിലെ എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പിക്കുന്നതിന് ഫീൽഡ് പരിശോധന നടത്താറില്ലെന്ന് ബോധ്യപ്പെട്ടു. ഫീൽഡ് പരിശോധന നടത്തി അനധികൃത വാണിജ്യ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതുമാണ്.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 2-5 സാംഖ്യാ രസീതികളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

സാംഖ്യാ രസീതികളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. 21-2-2015 ന് ശേഷം 28.12.2016 വരെ ഫ്രന്റ് ഓഫീസിലേക്ക് സാംഖ്യാ രസീതികൾ ഇഷ്യൂ ചെയ്തിട്ടുള്ളത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയാണ്. ആയതിനാൽ സ്റ്റോക്ക് രജിസ്റ്റർ ബാലൻസും രസീതി സ്റ്റോക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെ സാംഖ്യാ രസീതികൾ ഇഷ്യൂ ചെയ്തതും ആയത് സെക്രട്ടറി ശ്രദ്ധിക്കാത്തതും ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-6 ക്യാൻസൽഡ് രസീതികൾ പരിശോധനക്ക് ഹാജരാക്കിയില്ല

താഴെ സൂചിപ്പിക്കുന്ന ക്യാൻസൽഡ് രസീതികൾ പരിശോധനക്ക് ഹാജരാക്കിയില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ എൻക്വയറി 10/ 28.12.2016 ന്റെ അടിസ്ഥാനത്തിൽ ഏതാനും രസീതികൾ ഹാജരാക്കി. ഹാജരാക്കാൻ അവശേഷിക്കുന്ന താഴെ സൂചിപ്പിക്കുന്ന ക്യാൻസൽഡ് രസീതികൾ പ്രഥമ മറുപടിക്കൊപ്പം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക 40548 ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ (സെക്രട്ടറി ) നിന്നും ഈടാക്കാൻ സർചാർജ് നടപടിക്ക് ശുപാർശ ചെയ്യുന്നതാണ്.

| തിയ്യതി | തുക |
|---|---|

| | |
|---|---|
| 4-4-15 | 82 |
| 6-4-15 | 360 |
| 10-4-15 | 360 |
| 18-4-15 | 2130 |
| 20-4-15 | 82 |
| 21-4-15 | 665 |
| 23-4-15 | 250 |
| 27-4-15 | 1250 |
| 6-5-15 | 12 |
| 6-5-15 | 900 |
| 6-5-15 | 12 |
| 8-5-15 | 11158 |
| 11-5-15 | 125 |
| 11-5-15 | 360 |
| 19-5-15 | 776 |
| 26-5-15 | 82 |
| 27-5-15 | 82 |
| 1-7-15 | 250 |
| 1-7-15 | 600 |
| 25-9-15 | 8750 |
| 17-10-15 | 400 |
| 31-10-15 | 12 |
| 15-12-15 | 8100 |
| 31-8-16 | 2500 |
| 31-8-16 | 1250 |
| ആകെ | 40548 |

## ഭാഗം-3

### ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 SC വിദ്യാർത്ഥികൾക്ക് സൗരോർജ്ജ റാന്തൽ പദ്ധതി അപാകതൾ

2015-16 -ൽ അസി.സെക്രട്ടറി നടപ്പിലാക്കിയ SC വിദ്യാർത്ഥികൾക്ക് സൗരോർജ്ജ റാന്തൽ പദ്ധതി (പ്രൊജക്ട് നം.188/16)ക്കായി 332330 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് (ബിൽ നം.3/30.1.16) 167 വിദ്യാർത്ഥികൾക്ക് സൗരോർജ്ജ റാന്തൽ വിതരണം ചെയ്യുന്നതിന് Power Green Solution ,Edappal എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.

2. ഫയലിനോടൊപ്പമുള്ള ഗുണഭോക്തൃ ലിസ്റ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല .

3.പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നമ്പർ 362/2013/ത.സ്വ.ഭ.വ തി.16.11.2013 പ്രകാരം വൈദ്യുതി എത്താത്ത പ്രദേശങ്ങളിലെ വീടുകൾക്കാണ് സൗരോർജ്ജ റാന്തൽ നൽകാവുന്നത്. എന്നാൽ സൗരോർജ്ജ റാന്തൽ നൽകിയത് വൈദ്യുതി എത്താത്ത പ്രദേശങ്ങളിലെ വീടുകൾക്കാണ് എന്നതിന് ആധാരമായ രേഖകൾ ഫയലിൽ ഇല്ല.

4. 167 സൗരോർജ്ജ റാന്തൽ ആണ് വാങ്ങിയത് എങ്കിലും 163 പേരുടെ ലിസ്റ്റാണ് ഉള്ളടക്കം ചെയ്തിട്ടുള്ളത്

5.കൈപ്പറ്റ് രസീതി ഇല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.1 തി.26.12.16 നൽകിയതിന് കരാർ പ്രകാരമുള്ള തുക നൽകുകയാണ് ചെയ്തത് എന്നും ടെണ്ടർ ക്ഷണിച്ചപ്പോഴും വിതരണം ചെയ്തപ്പോഴുമുള്ള അസി.സെക്രട്ടറിയെ വിവരം അറിയിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്.മറുപടി തൃപ്തികരമല്ലാത്തതിനാലും രേഖകൾ ലഭ്യമാക്കാത്തതിനാലും ചെലവു തുക 332330 രൂപ തടസ്സം ചെയ്യുന്നു.

## 3-2 <u>ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് (SC)സൈക്കിൾ നൽകൽ പദ്ധതി അപാകതൾ</u>

2015-16 -ൽ അസി.സെക്രട്ടറി നടപ്പിലാക്കിയ SC വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകൽ പദ്ധതി (പ്രൊജക്ട് നം.160/16)ക്കായി 499745രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് (ബിൽ നം.1/30.1.16) 116 വിദ്യാർത്ഥികൾക്ക് (58 boys & 58 girls) വിതരണം ചെയ്യുന്നതിന് SIDCO Manjeri ക്ക് താഴെപ്പറയും പ്രകാരംനൽകിയിട്ടുണ്ട്.

SIDCO Invoice No.1044/3.8.2015

boys cycle @4395 x58 =254910

girls cylce @3811x58 =221038

---------------------------------------

475948

Tax - 23797

--------------------------------------

Total - 499745

പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സൈക്കിൾ ടെണ്ടർ കൂടാതെ SIDCO യിൽ നിന്ന് വാങ്ങാം എന്നതിന്റെ സർക്കാർ ഉത്തരവ് നിലവിലില്ല.

2. ഫയലിനോടൊപ്പം അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല..

3.പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നമ്പർ 362/2013/ത.സ്വ.ഭ.വ തി.16.11.2013 പ്രകാരം 10 ാം ക്ളാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് സൈക്കിളിന് അർഹത.എന്നാൽ 8,9 ,ക്ളാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും നൽകിയിട്ടുണ്ട്.

4.സൈക്കിൾ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യേണ്ടതാണെന്നിരിക്കെ അത്തരത്തിൽ വിതരണം ചെയതതിന്റെ രേഖകൾ ഫയലിൽ ഇല്ല.

5. പട്ടികജാതി വികസന വകുപ്പിൽ നിന്ന് ആനുകൂല്യം നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം ഫയലിൽ ഇല്ല.

6. 56 ആൺ കുട്ടികളുടെയും 62 പെൺകുട്ടികളുടെ യും അടക്കം ആകെ 118 കൈപ്പറ്റ് രസീതി ആണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ തുകനൽകിയത് 58 വീതംആൺ കുട്ടികളുടെയും പെൺകുട്ടികളുടെ യും സൈക്കിളുകൾക്കാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.2 തി.26.12.16 നൽകിയതിന് കരാർ പ്രകാരമുള്ള തുക നൽകുകയാണ് ചെയ്തത് എന്നും വിതരണം ചെയ്തപ്പോഴുമുള്ള അസി.സെക്രട്ടറിയെ വിവരം അറിയിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്.മറുപടി തൃപ്തികരമല്ലാത്തതിനാലും രേഖകൾ ലഭ്യമാക്കാത്തതിനാലും ചെലവ് തുക 499745രൂപ തടസ്സം ചെയ്യുന്നു. .

## 3-3 സർക്കാർ ഉത്തരവിന് വിരുദ്ധമായി വീഡ് കട്ടറിന് സബ്സിഡി നൽകി.

ബിൽ. 9/31.3.2016 തുക. 37400

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കൃഷിക്ക് സ്പ്രയർ, പുല്ല് വെട്ട് യന്ത്രം(ജനറൽ) എന്ന പ്രൊജക്ട് ( S004/16) പ്രകാരം 4 പേർക്ക് പുല്ല് വെട്ട് യന്ത്രം വാങ്ങിയതിന് 7500 രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ GO(MS) 362/13 തീയ്യതി 16.11.2013 പ്രകാരമുള്ള 12-ാം പദ്ധതി സബ്സിഡി മാർഗ്ഗ രേഖ അനുസരിച്ച് പുല്ല് വെട്ട് യന്ത്രത്തിന് ഒരാൾക്ക് പരമാവധി 5000 രൂപ മാത്രമാണ് സബ്സിഡി നൽകാവുന്നത്. അധികം നൽകിയ 10000 രൂപ (2500*4=10000) ഈടാക്കേണ്ടതാണ്.

7/27.12.2016 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് GO(ms) 248/12 തീയ്യതി 29-9-12പ്രകാരമുള്ള മാർഗ്ഗ രേഖ അനുസരിച്ചാണ് 7500 രൂപ വീതം സബ്സിഡി നൽകിയതെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ 2015-16 ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ പ്രകാരം 5000രൂപ മാത്രമാണ് വീഡ് കട്ടറിന് സബ്സിഡി നൽകാവുന്നത് എന്നതിനാൽ മറുപടി സ്വീകാര്യമല്ല. അധികമായി നൽകിയ തുക ഈടാക്കേണ്ടതാണ്.

മറ്റ് അപാകതകൾ

1. മേൽ പ്രൊജക്ട് പ്രകാരം വീഡ് കട്ടറിന് പുറമെ 6 പേർക്ക് സ്പ്രയറും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ രണ്ട് ഇനങ്ങളുടെയും ഗുണഭോക്താക്കളുടെ അപേക്ഷ അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ആനുകൂല്യങ്ങൾ കൈപറ്റിയത് യഥാർത്ഥ ഗുണഭോക്താക്കളാണോ എന്ന് ഉറപ്പ് വരുത്താനായിട്ടില്ല.

ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിട്ടും പ്രസ്തുത രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 27400 രൂപ (37400-10000) തടസ്സം ചെയ്യുന്നു.

2. കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്താത്ത ഒരു ലിസ്റ്റ് ലഭ്യമാക്കുകയുണ്ടായി. ഇത് അംഗീകരിക്കാവുന്നതല്ല. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കേണ്ടതാണ്.

## 3-4 ഷോപ്പിങ് കോംപ്ലക്സ് നിർമ്മാണം. 30 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്ത് 10 മാസം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ. അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട്. ഷോപ്പിങ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മാണം (186/16)

തുക. 23000000. (പ്ലാൻ. 1405000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് 610000, തനത് ഫണ്ട് 985000, വായ്പ 20000000)

ബിൽ. 100/4.3.2016 തുക. 1405000

ബിൽ. 118/28.3.2016 തുക. 610000

തനത് ഫണ്ട് തുക. 985000

ആകെ 3000000

ഗ്രാമ പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മാണം എന്ന പ്രൊജക്ട് പ്രകാരം 'കോസ്റ്റ് ഫോഡിന്" 30 ലക്ഷം രൂപ നൽകി ഏകദേശം 10 മാസമായിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല. കെട്ടിടത്തിനുള്ള പ്ലാനിന് ഇത് വരെയും അംഗീകാരം ലഭിച്ചിട്ടുമില്ല. പ്ലാൻ അപാകതകൾ പരിഹരിക്കുന്നതിനായി ടൗൺ പ്ലാനിങ്ങ് ഓഫീസിൽ നിന്ന് മടക്കിയിരിക്കുകയാണ്. വായ്പ തുകയും ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 'കോസ്റ്റ് ഫോഡ്" മായി ഒപ്പ് വെച്ച കരാറിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.

2.കരാറിൽ 20% ശതമാനം തുക മുൻകൂറായി നൽകണമെന്ന് വ്യവസ്ഥ ഉണ്ടെങ്കിലും പ്രവൃത്തി ആരംഭിക്കുന്നതും പൂർത്തീകരിക്കുന്നതും സംബന്ധിച്ച വിശദാംശങ്ങൾ (തീയ്യതി) രേഖപ്പെടുത്തിയിട്ടില്ല.

3. പ്രൊജക്ട് പ്രകാരം 2 കോടി രൂപ കെ.യു. ആർ.ഡി എഫ്. സി യിൽ നിന്നുള്ള വായ്പ ആണ്. എന്നാൽ വായ്പ നാളിത് വരെയായിട്ടും ലഭ്യമായിട്ടില്ല.

4. കെട്ടിടത്തിനുള്ള പ്ലാനിന് അംഗീകാരം ലഭിക്കുന്നതിന് മുമ്പ്, പ്രൊജക്ട് കോസ്റ്റിന്റെ 87% ശതമാനം വരുന്ന വായ്പ തുക ലഭ്യമാകുന്നത് സംബന്ധിച്ച് വ്യക്തത വരുന്നതിന് മുമ്പ് ഗ്രാമ പഞ്ചായത്ത് വിഹിതം 'കോസ്റ്റ് ഫോഡ്" ന് നൽകിയത് ക്രമപ്രകാരമല്ല. ഇപ്രകാരം തുക മുൻകൂറായി പിൻവലിച്ചത് ജി.ഒ.(പി)177/06 തിയതി12-4-06പ്രകാരമുള്ള സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിന് ഭരണ സമിതി നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-5 അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം. ഒരു വിശകലനം

2015-16 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 183 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 164 പ്രൊജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികളിൽ 10.38% ശതമാനം നടപ്പിലാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 1അസിസ്റ്റന്റ് എഞ്ചിനീയറും ഒരു ഓവർസിയറും ഒരു താത്കാലിക ജീവനക്കാരിയുമടക്കം ആകെ 3ജീവനക്കാരാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് കുറഞ്ഞ കാലം മറ്റൊരു ഗ്രാമ പഞ്ചായത്തിലും ചുമതലയുണ്ടായിരുന്നു. പഞ്ചായത്തിലെ എല്ലാ വാർഡുകളിലേക്കും തുല്യമായി ഫണ്ട് വീതം വെക്കുന്ന തരത്തിൽ ചെറിയ തുകക്കുള്ള പ്രവൃത്തികളായാണ് ഭൂരിഭാഗം പ്രൊജക്ടുകളും തയ്യാറാക്കിയിട്ടുള്ളത്. പരിമിതമായ ജീവനക്കാർ മാത്രമായതിനാൽ പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, ചെയ്ത പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്. മാത്രമല്ല മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാത്തതിനാൽ പഞ്ചായത്തിന്റെ പദ്ധതി പണം ഏകദേശം 5451676രൂപ ലാപ്സാവുന്നതിനും ഇടയാക്കി. ഗ്രാമ പഞ്ചായത്തിലെ ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ പദ്ധതി നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽക്കുന്നതിനും കാരണമാകുന്നതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ആകെ അടങ്കൽ | 62666993 | ആകെ അടങ്കലിൽ 2കോടി രൂപ വായ്പ തുകയാണ് |
| ചെലവ് | 37215317 | |
| ബാക്കി | 5451676 | |

